പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3652 — 15.07. 2015 ൽ മറുപടിക്ക്.

സ്റ്റാൻഡിംഗ് ഓർഡറുകൾ

**ചോദ്യം**

ശ്രീ.എ.റ്റി.ജോർജ്

(എ) സ്വകാര്യ ആശുപത്രികളിലും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സ്റ്റാൻഡിംഗ് ഓർഡറുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഈ ഉത്തരവുകൾ നടപ്പിലാക്കിയിട്ടുള്ളത്; ഇല്ലെങ്കിൽ പ്രസ്തുത സ്റ്റാൻഡിംഗ് ഓർഡർ നടപ്പിലാക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

**മറുപടി**

ശ്രീ. ഷിബു ബേബി ജോൺ

തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി

(എ) ഒരു സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ വ്യക്തമാക്കുന്ന രേഖയായ സ്റ്റാൻഡിംഗ് ഓർഡേഴ്സ് 1946-ലെ ദി ഇൻഡസ്ട്രിയൽ എംപ്ളോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡേഴ്സ്) ആക്ട് പ്രകാരം 50-ൽ കൂടുതൽ തൊഴിലാളികളുള്ള ഒരു സ്ഥാപനത്തിന് ബാധകമാണ്. ഇതിനായി മാനേജ്മെന്റ് സ്റ്റാൻഡിംഗ് ഓർഡറിന്റെ കരട് രൂപം സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനായി ബന്ധപ്പെട്ട സർട്ടിഫൈയിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും, മേൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സർട്ടിഫൈയിംഗ് ഓഫീസർ ആയത് സാക്ഷ്യപ്പെടുത്തി നൽകുന്നതുമാണ്. സ്വാശ്രയ കോളേജുകളെ സംബന്ധിച്ചിടത്തോളം 'അദ്ധ്യാപകർ' 1947-ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 2(എസ്)-ലെ 'തൊഴിലാളി' എന്ന പദത്തിന്റെ നിർവ്വചനത്തിൽ വരാത്തതിനാൽ ഇവർക്ക് പ്രസ്തുത നിയമം ബാധകമാകുന്നില്ല. എന്നാൽ അദ്ധ്യാപകേതര ജീവനക്കാർ മേൽ നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ 2011 മെയ് മുതൽ 2015 മെയ് വരെ ലഭ്യമായ കണക്കുകൾ പ്രകാരം താഴെപ്പറയുന്ന സ്വകാര്യ ആശുപത്രികൾക്ക് സ്റ്റാൻഡിംഗ് ഓർഡേഴ്സ് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ

സ്റ്റാൻഡിംഗ് ഓർഡർ നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കാവുന്നതാണ്.

1. പങ്കജ കസ്തൂരി ഹെർബൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.
2. വിജയാ ഹോസ്പിറ്റൽ, കൊട്ടാരക്കര
3. കൊശമറ്റം ഹെൽത്ത് കെയർ ആന്റ് സ്പെഷ്യാലിറ്റി സെന്റർ, കോട്ടയം.
4. മരിയൻ മെഡിക്കൽ സെന്റർ, പാല
5. എം.യു.എം ഹോസ്പിറ്റൽ, മോനിപ്പള്ളി.
6. റയ്ഹാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ഈരാറ്റുപേട്ട
7. കാരിത്താസ് ഹോസ്പിറ്റൽ, തെള്ളകം, ഏറ്റുമാനൂർ
8. കാർമൽ മെഡിക്കൽ സെന്റർ, പാല
9. മാർ കാവുകാട് മെമ്മോറിയൽ ഹോസ്പിറ്റൽ, പ്രവിത്താനം, പാല
10. ലക്ഷ്മി ഹോസ്പിറ്റൽ, ദിവാൻസ് റോഡ്, എറണാകുളം, കൊച്ചി–16.
11. എലൈറ്റ് മിഷൻ ഹോസ്പിറ്റൽ, കൂർക്കഞ്ചേരി
12. ലക്ഷ്മി ഹോസ്പിറ്റൽ, പാലക്കാട്
13. ബി.എം.എച്ച് കാളികാവ്
14. ബി.എം.എച്ച് താനൂർ
15. എം.ബി ഹോസ്പിറ്റൽ, മലപ്പുറം.
16. എ&ഇ ഹോസ്പിറ്റൽ (പ്രൈവറ്റ്) ലിമിറ്റഡ്, കൊണ്ടോട്ടി, മലപ്പുറം
17. മലബാർ ഹോസ്പിറ്റൽ, മഞ്ചേരി
18. നാഷണൽ ഹോസ്പിറ്റൽ, കോഴിക്കോട്
19. ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, കോഴിക്കോട്.
20. മെട്രോ ഇന്റർനാഷണൽ കാർഡിയാക് സെന്റർ, കോഴിക്കോട്
21. മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കോഴിക്കോട്.

---

സെക്ഷൻ ആഫീസർ.